## പതിനാലാം കേരള നിയമസഭ
## പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1288

05.03.2020-ൽ മറുപടിക്ക്

### മറൈൻ ആംബുലൻസ് സൗകര്യം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.വി. ജോയി : | | ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്ത് മറൈൻ ആംബുലൻസ് സൗകര്യം ലഭ്യമാണോ; | (എ & ബി) | നിലവിൽ ലഭ്യമല്ല. ഓഖി പോലുള്ള പ്രതികൂല സാഹചര്യങ്ങളിലും ആകസ്മികമായുണ്ടാകുന്ന കടൽ പ്രക്ഷുബ്ധ ഘട്ടങ്ങളിലും അടിയന്തിര രക്ഷാപ്രവർത്തനം നടത്തുന്നതിനായി 3 മറൈൻ ആംബുലൻസുകൾ നിർമ്മാണ ഘട്ടത്തിലാണ്. പൊതുമേഖലാ സ്ഥാപനമായ കൊച്ചിൻ ഷിപ്പ് യാർഡ് മുഖേനയാണ് ടി മറൈൻ ആംബുലൻസുകൾ നീറ്റിലിറങ്ങുന്നത്. നിർമ്മാണ പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലായ മൂന്ന് മറൈൻ ആംബുലൻസുകളിൽ ആദ്യത്തേത് 2020 ഏപ്രിൽ ആദ്യ വാരവും മറ്റ് 2 ആംബുലൻസുകൾ 2020 മേയ് മാസവും പ്രവർത്തന സജ്ജമാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. |
| (ബി) | ഇല്ലെങ്കിൽ മറൈൻ ആംബുലൻസ് സൗകര്യം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; | | |
| (സി) | മറൈൻ ആംബുലൻസ് സൗകര്യം സംസ്ഥാനത്തെ ഏതെല്ലാം പ്രദേശത്താണ് ഏർപ്പെടുത്തേണ്ടതെന്ന് നിഗമനം നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ? | (സി) | മൂന്ന് മറൈൻ ആംബുലൻസുകളിൽ ആദ്യത്തേത് തിരുവനന്തപുരം ജില്ലയിലെ വിഴിഞ്ഞത്തും, രണ്ടാമത്തേത് എറണാകുളം ജില്ലയിലെ വൈപ്പിനിലും, മൂന്നാമത്തേത് കോഴിക്കോട് ജില്ലയിലെ ബേപ്പൂരും രക്ഷാ പ്രവർത്തനത്തിനായി നിയോഗിക്കുന്നതിനാണ് ധാരണയായിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ